# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൊറയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
E-Mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. എം.പി.എം. 11/3020/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വെബ് -www.lfa.kerala.gov.in

തീയതി. 25/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

മൊറയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 .സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ. എം.പി.എം.11/3020/2016 തിയ്യതി: 25/01/2011

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൊറയൂർ_ഗ്രാമപഞ്ചായത്തിന്റെ ..2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 1.5.2016മുതൽ31.5.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 15.9.16.ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 1.4.2015. മുതൽ 13.10.2016. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2015 നവംബർ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 5 രശീതി ബുക്കുകൾ (58940മുതൽ 58944 വരെ) | 7 എണ്ണം |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

സ്ഥാപനം : മൊറയൂർ ഗ്രാമപഞ്ചായത്ത്.

വിസ്തീർണ്ണം : 24.57...ച.കീമി

ജനസംഖ്യ : 33960

വാർഡുകളുടെ എണ്ണം : 18.

ആകെ ജീവനക്കാരുടെ എണ്ണം : 12

താൽക്കാലികം : 3

കരാറടിസ്ഥാനത്തിൽ : 3

ആകെ : 18

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം : 14/10/2016 മുതൽ 24/10/2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ അബ്ദുൾ സത്താർ. സി. പി | ഓഡിററ് ഓഫീസർ |
| 2 | ശ്രീ മുഹമ്മദ് സിയാദ്.<br>13.10.16 മുതൽ 15.10.16 വരെ | സീനിയർ ഗ്രേഡ് ഓഡിററർ |
| 3 | ശ്രീമതി ലത. ഒ .വി. | ഓഡിററർ |

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 4 | ശ്രീ .സഹദ്. ഒ. | ഓഡിററര്‍ |

നിര്‍വ്വഹണാധികാരികള്‍

പ്രസിഡണ്ട്

ശ്രീമതി..പി ഫാത്തിമക്കുട്ടി 1.4 .2015 മുതല്‍ 31.10.2015 വരെ

അഡ്മിസ്ട്രേററീവ് കമ്മിററി 1.112015 മുതല്‍ 18.11.2015 വരെ

ശ്രീ സലിം മാസ്ററര്‍ 19.11 2015മുതല്‍ 31.3 2016 വരെ

സെക്രട്ടറി

ശ്രീ രജീന്ദ്രനാഥ് പി. ഡി 1.4 .2015 മുതല്‍ .23.7.2015....വരെ.

ശ്രീ . കെ ബീരാന്‍കുട്ടി

24.7.2015 മുതല്‍ 31.3 2016 വരെ

മറ്റ് നിര്‍വ്വഹണോദ്യോഗസ്ഥര്‍

1.കൃഷി ഓഫീസര്‍
ശ്രീ .ജെയ്സല്‍ ബാബു 1.4 .2015 മുതല്‍ 31.3 2016 വരെ

2.വെററിനറി സര്‍ജന്‍

ഡോ. നവീന്‍ എന്‍ 1.4 .2015 മുതല്‍ 31.3 2016 വരെ

3.അസിസ്ററന്റ് എഞ്ചിനിയര്‍

ശ്രീമതി ബ്ലസ്സി മേരി ബി 1.4 .2015 മുതല്‍ 31.3 2016 വരെ

4.മെഡിയ്ക്കല്‍ ഓഫീസര്‍ (പി എച്ച് സി

ഡോ.ധന്യ ഡി 1.4 .2015 മുതല്‍ 31.3 2016 വരെ

5ഐ സി ഡി എസ് സൂപ്പര്‍ വൈസര്‍

ശ്രീമതി രമണി കെ 1.4 .2015 മുതല്‍ 31.3 2016 വരെ

6.വില്ലേജ് എക്സ്ററന്‍ഷന്‍ ഓഫീസര്‍

ശ്രീ .സജി സ്ററീഫന്‍ 1.4 .2015 മുതല്‍ 31.3 2016 വരെ

7ഹെഡ്മാസ്ററര്‍

ശ്രീമതി മുത്തുലക്ഷ്മി അമ്മാള്‍ 1.4 .2015 മുതല്‍ 31.3.2016വരെ

8 അസിസ്ററന്‍റ് സെക്രട്ടറി

1 ശ്രീ പി വി സുധീര്‍ 1.4 .2015 മുതല്‍ 31.5.15വരെ

ശ്രീ സണ്ണി മോന്‍ - അക്കൌണ്ടന്റ് (ഇന്‍ ചാര്‍ജ്) 1.6.15മുതല്‍ 2.6.2015വരെ

2 ശ്രീ സി ടി അഷറഫലി 3.6.2015മുതല്‍ 21.8.15വരെ

ശ്രീ സണ്ണി മോന്‍ - അക്കൌണ്ടന്റ് (ഇന്‍ ചാര്‍ജ്) 22.8.15മുതല്‍ 2 .9 15വരെ

3 ശ്രീ സി രാജേന്ദ്രന്‍ 3 .9 15മുതല്‍ 31.3.2016വരെ

9ഹോമിയോ ഡോക്ടര്‍

1 ഡോ.സഫ്ന കെ കെ 1.4 .15 മുതല്‍ 29.1.2016വരെ

2ഡോക്ടര്‍ ,ഷാജഹാന്‍ അഹമ്മദ് 30 1.16 മുതല്‍ 31.3.2016വരെ

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|---|
| 1 | 1 | 3(1) | പി.എച്ച്.സി.യിലെ മരുന്നു വാങ്ങൽ – മരുന്നുകൾ ലഭ്യമായിട്ടില്ല |
| 2 | 2 | 3(2) | ദിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3 | 3 | 3(3) | വില്ലേജ് മുക്ക് അംഗൻവാടി സ്ഥലംവാങ്ങൽ – ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 4 | 4 | 3(4) | ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പണികളിലെ അപാകതകൾ |
| 5 | 5 | 3(5) | ബിറ്റുമിൻ വില അധികം നൽകി |
| 6 | 6 | 3(6) | ഭവനപുനരുദ്ധാരണം – അർഹതാസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7<br>8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.<br>ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(7)<br>4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |
| | അനുബന്ധപത്രികകൾ | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1/27.3.2/15 | NIL |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 20.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ2015-16 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചു .അപാകതകൾ താഴെ ചേർക്കുന്നു

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്ററർ, അരിയർ ഡിമാന്റ് രജിസ്ററർ എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.അരിയർ തുകകളുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല

2. ഗ്രാമപഞ്ചായത്തിനു പിരിഞ്ഞുകിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3. ബി 17 ഷെഡ്യൂളിലെ NRHM ഗ്രാന്റ് തുക ബി4 ൽ ഉൾപ്പെടുത്തിയിട്ടില്ല

4. ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേററ്മെൻറിലെ I-6 ലെ തുക-1 (14)d യിൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | I&E(6) | I&E(1.14)d | വ്യത്യാസം |
|---|---|---|---|
| കുട്ടികൾക്കുള്ള ഗ്രാന്റ് | 66607 | 59557 | 7050 |

5. R.43 ൽ രേഖപ്പെടുത്തിയ കുടിശ്ശിക തുകകൾ മുൻവർഷത്തെ ബാലൻസ് ഷീററിലെ തുകകളുമായി താഴപറയുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | 2014-15 | 2015-16 | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി റെസിഡെൻഷ്യൽ | 486482 | 535269 | +48787 |
| വസ്തു നികുതി നോൺ റെസിഡെൻഷ്യൽ | 199104 | 222741 | +23637 |

6. 2014-15 വർഷത്തെ അക്കൌണ്ട്സ് സർട്ടിഫിക്കേഷനിലെ ന്യനതകളിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 33737932 |
| വരവ് | 36850494 |
| ആകെ | 70588426 |
| ചെലവ് | 51808144 |
| നീക്കിബാക്കി | 18780282 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(ACR പ്രകാരം) | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3913257 | 9268191 | +3328941 | 16510389 | 11939019 | 4571370 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 1654387 | 4526848 | +764848 | 5416387 | 4101218 | 1315169 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 40442 | 66442 | (-)40442 | 66442 | 0 | 66442 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 241623 | 5325999 | - | 5567622 | 5142019 | 425604 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 844711 | 3011001 | _ | 3855711 | 3234786 | 620925 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1199780 | 7568711 | (-)2292380 | 6476171 | 5015327 | 1460844 | 0 |
| ലോക ബാങ്ക് സഹായം | 3427322 | 231271 | (-)231271 | 3427322 | 3427322 | 0 | 0 |
| B ഫണ്ട് | 0 | 30471222 | - | 30471222 | 30471222 | 0 | 0 |
| NREGS | 218813 | 8947796 | - | 9166609 | 9158927 | 7682 | 7682 |

0

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 204 | 176 | - | 28 | 86.27% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1675900 | 1615900 | 96.411141 |
| വെറ്ററിനറി സർജൻ | 3 | 3 | 1227960 | 1147960 | 93.48888 |
| മെഡിയ്ക്കൽ ഓഫീസർ PHC | 3 | 3 | 910000 | 806750 | 88.65555 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100000 | 100000 | 1000 |
| വി ഇ ഒ | 11 | 7 | 7360900 | 3596000 | 48.85000 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 11 | 10 | 4886696 | 4025219 | 82.37 |
| സെക്രട്ടറി | 14 | 11 | 5434083 | 2833064 | 52.13000 |
| ഹെഡ്മാസ്ററർ | 7 | 5 | 2812442 | 2534470 | 90.111111 |
| അസിസ്ററന്റ് എഞ്ചിനീയർ | 134 | 119 | 31255728 | 24193604 | 77.4000 |
| അസിസ്ററന്റ് സെക്രട്ടറി | 11 | 8 | 4945000 | 1740000 | 35.1800 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5959168 | 3787251 | -2171917 | -36.44 |
| നികുതിയേതര വരവുകൾ | 609898 | 544208 | -65690 | -10.77 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 250454 | 9409799 | 696238 | |
| ആകെ | 6819520 | 12517445 | -1585869 | |

## 1-8 ക്ഷേമപദ്ധതികൾ

1) 2015-16 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേപദ്ധതിയുടെ പേര് | ചെലഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4455030 | 435 |
| വികലാംഗ പെൻഷൻ | 4342575 | 357 |
| വാർദ്ധക്യകാല പെൻഷൻ | 6415500 | 786 |
| വിധവാ പെൻഷൻ | 14098720 | 1100 |
| 50 കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 177960 | 14 |
| തൊഴിൽ രഹിത വേതനം | 476880 | 272 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 410000 | 19 |

2) സാമൂഹ്യക്ഷേമം പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5 | 5 | 3 | |
| 2 | തൊഴിൽ രഹിത വേതനം | 21 | 21 | 8 | |
| 3 | വിധവാ പെൻഷൻ | 70 | 70 | 6 | |
| 4 | വികലാംഗ പെൻഷൻ | 20 | 20 | 8 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 1 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 528 | 528 | 39 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 24642 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.9.16<br>28.9.16 | 1.8.16-31.8.16 | റിപ്പോർട്ട് ലഭിച്ചില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 31.3.2008 | 2002-03 – 2005-06 | എൽ ബി എ എച് ക്യൂ 11/8a തീ.11.12.15 |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇല്ല

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ പദ്ധതി: മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജെക്റ്റ് നമ്പർ:10/16

ബിൽ നമ്പർ:07/15-16

അടങ്കൽ തുക :2,00,000

മൊറയൂർ ഗ്രാമ പഞ്ചായത്തു മെഡിക്കൽ ഓഫീസർ (പി.എച്ച്. സി.) 2015-16 വർഷം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരമുള്ള മരുന്നുകൾ വങ്ങുന്നതിനുള്ള തുക 24-03-16 (DD no 914699) ന് കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപറേഷനിൽ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-2 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്: ഓഡിറ്റ് നിരീക്ഷണങ്ങൾ

പ്രൊജക്ട് നം. 165/16

ബിൽ നം. 16/15-16/22-3-16 Rs. 3,00,000

മൊറയൂർ ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2015-16 വർഷം നടപ്പാക്കിയ ഈ പദ്ധതി പ്രകാരം താഴെ കൊടുത്ത വിധം സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

| എണ്ണം | സ്കോളർഷിപ്പ് തുക | ആകെത്തുക | ഇനം |
|---|---|---|---|
| 8 | 13,369 | 1,06,952 | മാനസിക വെല്ലുവിളിയുള്ളവർ |
| 11 | 13,368 | 1,47,048 | ,, |
| 1 | 19,500 | 19,500 | അന്ധ (ബിരുദാനന്തരം) |
| 2 | 6,600 | 13,200 | ശാരീരിക വെല്ലുവിളിയുള്ളവർ(ക്ലാസ് 6) |
| 1 | 5,300 | 5,300 | ,,(ക്ലാസ് 1) |
| 1 | 8,000 | 8,000 | ,, (ക്ലാസ് 10) |
| *24* | -- | *3,00,000* | |

പദ്ധതി ഓഡിറ്റിനു വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ശ്രദ്ധയിൽപെടുത്തുന്നു.

1) ജി.ഒ.(എം.എസ്)362/2013തസ്വഭവ തി.16-11-2013 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 5.8 അനുസരിച്ച് ശാരീരിക-മാനസിക വെല്ലുവിളിയുള്ളവർക്ക് നിശ്ചിത നിരക്കിലുള്ള സഹായങ്ങൾ നിർബന്ധമായും നല്കേണ്ടതാണ്. ഈ ഖണ്ഡികയുടെ കുറിപ്പ് (1) പ്രകാരം ഈ വിഭാഗത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി എല്ലാ തദ്ദേശസ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതും, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ ഇതിനായി തുക വകയിരുത്തേണ്ടതുമാണ്. എന്നാൽ ഈ പദ്ധതിക്കായി മുഴുവൻ തുകയും ഗ്രാമ പഞ്ചായത്താണ് ചെലവഴിച്ചിട്ടുള്ളത്. സംയുക്ത പ്രൊജക്ട് തയ്യാറാക്കുകയോ, അതിനായി നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു മൂലം പഞ്ചായത്തു വിഹിതത്തിൽ നിന്നും മറ്റു പദ്ധതികൾക്കായി വകയിരുത്താമായിരുന്ന തുകയിൽ കുറവു വന്നിട്ടുണ്ട്.

2) ടി സർക്കാർ ഉത്തരവു പ്രകാരം, ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിലുള്ള തുകകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത നിരക്കിലുള്ള തുകകൾ മാനസിക വെല്ലുവിളിയുള്ളവർക്ക് നല്കിയിട്ടില്ല. വിദ്യാലയങ്ങളിൽ പോകുന്നവർക്കും, ഡേ കെയർ സെന്ററിൽ പോകുന്നവർക്കും, എവിടെയും പോകാത്തവർക്കും യഥാക്രമം 19,200രൂപയും,16,800രൂപയും, 12,000രൂപയും അർഹമായിരിക്കേ 13,368രൂപ വീതം 8 പേർക്കും 13,369 വീതം 11 പേർക്കുമാണ് നല്കിയിട്ടുള്ളത്. ഈയിനത്തിൽ 1,10,800 [(5831x8)+(5832x11)] രൂപ ഗുണഭോക്താക്കൾക്ക് നഷ്ടമായിട്ടുണ്ട്. തൻവർഷം നിർവഹണ ഉദ്യോഗസ്ഥയുടെ, വികസന ഫണ്ട് ജനറൽ വിഹിതത്തിൽ നിന്നുള്ള ചെലവ് 94% മാത്രമാണ്. മുഴുവൻ വിഹിതവും ചെലവഴിക്കാത്തതിനാൽ 1,77,908 ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാത്രം ലാപ്സാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് മൊത്തം ലാപ്സാക്കിയത് കണക്കിലെടുത്താൽ തുക ഇതിലും കൂടുതലാണ്. തക്ക സമയത്ത് പ്രൊജക്ട് റിവൈസ് ചെയ്ത് അർഹരായ എല്ലാവർക്കും ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) തൻവർഷം നടപ്പാക്കിയ പ്രൊജക്ട്നം.19/16 . ബഡ്സ് സ്കൂൾ എന്ന പ്രൊജക്ടിനായി 1,77,484 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം 20 കുട്ടികൾ ഇവിടെ ഉണ്ട്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം ബഡ്സ് സ്കൂളിലെ 4

പേർക്ക മാത്രമേ സ്കോളർഷിപ്പ് നല്കിയിട്ടുള്ളൂ. കൂടാതെ, ഗ്രാമ പഞ്ചായത്തിന്റെ തന്നെ, പ്രൊജക്ട് നം.32/16 എസ്.എസ്.എ.വിഹിതം നല്കൽ എന്ന പ്രൊജക്ടിനായി 20 ലക്ഷം രൂപ വിഹിതം നല്കിയിട്ടുണ്ട്. ഇതിന് ലഭിച്ച വിനിയോഗ സാക്ഷ്യ പത്രത്തിൽ IEDC ഇനത്തിൽ 183 പേർക്ക 4.58 ലക്ഷം രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. (കോളം16). എന്നാൽ ഇക്കാര്യത്തെക്കുറിച്ച് നിർവഹണ ഉദ്യോഗസ്ഥയോ പഞ്ചായത്തോ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടില്ല.

4) ഐ. സി.ഡി.എസ്. സൂപ്പർവൈസറുടെ വകുപ്പും ആരോഗ്യ വകുപ്പും ഫീൽഡ് സർവ്വേയിലൂടെ കാലാകാലം തയ്യാറാക്കുന്ന വിവിധ റിപ്പോർട്ടുകളിൽ, മാനസികവും ശാരീരികവുമായ വെല്ലുവിളിയുള്ളവരുടെ വിവരങ്ങൾ ലഭ്യമാണ്. എന്നാൽ ഇത്തരം വിവരങ്ങൾ ഒന്നും പ്രയോജനപ്പെടുത്തിയതായി രേഖകളില്ല. പകരം അപേക്ഷകളിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. ഇക്കാരണങ്ങളാൽ അർഹമായ എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നു ഉറപ്പാക്കാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല.

നിരീക്ഷണങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്കു ലഭിച്ച മറുപടിയിൽ, ഇത്തരം അപാകതകൾ പരിഹരിച്ചു കുറ്റമറ്റ രീതിയിൽ ഈ പദ്ധതി തുടർന്നു നടപ്പാക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അപാകത പൊതുവായിട്ടുള്ളതായതിനാലും, പഞ്ചായത്തിന്റെ മൊത്തം ശ്രദ്ധയിൽ പെടേണ്ട കാര്യങ്ങളായതിനാലും, ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിശദമായ മറുപടി, ഓഡിറ്റ് റിപ്പോർട്ടിനുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-3 വില്ലേജ്മുക്ക് അംഗൻവാടിക്ക് സ്ഥലം വാങ്ങൽ: ഓഡിറ്റ് നിരീക്ഷണങ്ങൾ

പ്രൊജക്ട് നം. 106/16

ബിൽ നം. 2/15-16/30-6-15 Rs. 1,00,000

ട്രഷറി ചെക്ക് നം. TRY No. 2465068/6-7-15 Rs. 1,00,000

ആകെ ചെലവ് : 2,00,000 രൂപ.

മൊറയൂർ ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2015-16 വർഷം നടപ്പാക്കിയ ഈ പദ്ധതി ഓഡിറ്റിനു വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) ഈ പദ്ധതിക്കായി കണ്ടെത്തിയ സ്ഥലത്തിന് ശിശു വികസന പദ്ധതി ഓഫീസർ, മലപ്പുറം അഡീഷണൽ, പൂക്കോട്ടൂർ നല്കിയ 28-10-14 തിയ്യതി വച്ച അനുയോജ്യതാ സർട്ടിഫിക്കറ്റ്, ഫയൽ നം./ റഫറൻസ് നം. ഇല്ലാത്തതും സർവ്വേ നം. തെറ്റായി രേഖപ്പെടുത്തിയതും അതിനാൽത്തന്നെ ആധികാരികമല്ലാത്തതുമാണ്. സർവ്വേ നം. തെറ്റിയ അപാകത DDP യുടെ 24-3-15 ലെ D5-4235/2015 നം. കത്തിൽ സൂചിപ്പിച്ചതിനെത്തുടർന്ന് മാറ്റി നല്കിയ അനുയോജ്യതാ സാക്ഷ്യ പത്രത്തിൽ സർവ്വേ നം. (282/7) ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തിയ്യതി 25-3-14 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്,ഫയൽ നം./ റഫറൻസ് രേഖപ്പെടുത്തിയിട്ടുമില്ല. പഴയ സാക്ഷ്യപത്രം റദ്ദ് ചെയ്യുകയും ചെയ്തിട്ടില്ല.

ഇത്തരത്തിൽ ഉത്തരവാദിത്ത രഹിതമായി പെരുമാറുന്ന CDPO യുടെ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ ലെറ്റർ ഹെഡിൽ 20-3-15 തിയ്യതി വച്ച് , ഈ പ്രൊജക്ട് നടപ്പാക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാണ് എന്നു സാക്ഷ്യപ്പെടുത്തി നല്കിയ സാക്ഷ്യപത്രത്തിലും നമ്പരോ സീലോ, ആരാണ് നല്കിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. (സെക്രട്ടറി/പ്രസിഡന്റ് എന്നു രേഖപ്പെടുത്തിയതാണ് ലെറ്റർ ഹെഡ്.) ഇത്തരം അപാകതകൾ പരിശോധിക്കാത്ത നിർവഹണ ഉദ്യോഗസ്ഥയുടെ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) വാങ്ങിയ സ്ഥലം രജിസ്റ്റർ ചെയ്തത് 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 4-ൽ പ്രതിപാദിക്കുന്ന നിർദ്ദിഷ്ട ഫോറത്തിലല്ല. (പഞ്ചായത്തിനു പകരം, അന്നത്തെ പഞ്ചായത്തു സെക്രട്ടറിയായ ശ്രീ. രജീന്ദ്രനാഥ്. പി.ഡി.യുടെ പേരിലാണ് രജിസ്റ്റർ ചെയതത്.) പഞ്ചായത്ത് വിവിധ രീതിയിൽ ആർജ്ജിക്കുന്ന വസ്തുക്കൾ നിയമാനുസൃതം കൈവശപ്പെടുത്തിയതിന്റെ രേഖയായ ആധാരം ചമയ്ക്കുന്നതിനു ടി ചട്ടങ്ങളിൽ വ്യക്തമായ ഫോറങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ടി ചട്ടങ്ങൾ പാലിക്കുവാൻ, ഡി.ഡി.പി. ശ്രീ. വി.പി. സുകുമാരന്റെ 27-3-15 ലെ ഡി.5-4235/2014/Kdis നടപടി ക്രമത്തിലും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി ആധാരങ്ങൾ തയ്യാറാക്കിയ നടപടി ചട്ട വിരുദ്ധമാണ്.

4) വാങ്ങിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ഫയലിൽ ഇല്ല.

അപാകത പരിഹരിക്കുകയും, ചട്ട വിരുദ്ധമായ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുകയും ചെയ്യുന്നതു വരെ ആകെ ചെലവു തടസ്സം ചെയ്യുന്നു.
(ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനു നടപടികൾ എടുത്തു വരുന്നതായി അറിയിച്ചിട്ടുണ്ട്.)

## 3-4 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത്പണികളിലെ അപാകതകൾ

മൊറയൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം ഭൂരിഭാഗം മരാമത്ത് പണികളുടെയും നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികൾ മുഖേനയാണ്. 1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങളും 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും 12-ാംപദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കാതെയാണ് മരാമത്ത് പണികൾ നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി രൂപീകരണം,സാങ്കേതിക വിദഗ്ധനെ നിയോഗിക്കൽ,മസ്റ്റർ റോൾ സൂക്ഷിപ്പ്, നിർമ്മാണ സാധനങ്ങൾ വാങ്ങൽ, യോഗം ചേരൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തൽ തുടങ്ങിയ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു.

ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. സർക്കാർ ഉത്തരവ് നമ്പർ(എം.എസ്) 275/2008/ത.സ്വ.ഭ.വ,തീയതി 13-10-2008 പ്രകാരം മരാമത്ത് പണികൾക്കാവശ്യമായ ബിറ്റുമിൻ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതു മേഖല എണ്ണ കമ്പനികളിൽ നിന്ന് വാങ്ങണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചില നിബന്ധനകൾക്ക് വിധേയമായി സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനും സർക്കാർ അനുമതിയുണ്ട്. ( 14-04-2010-ലെസർക്കാർ ഉത്തരവ് നമ്പർ(ആർ.ടി )1320/2010/ത.സ്വ.ഭ.വ )

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതി കൺവീനർമാർ ബിറ്റുമിൻ വാങ്ങിയത് സിഡ്കോയിൽ നിന്നാണെങ്കിലും, ഗുണഭോക്തൃ സമിതിക്ക് ലഭ്യമായ കുറഞ്ഞ വില കണക്കിലെടുക്കാതെ, എസ്റ്റിമേറ്റിൽ കണക്കാക്കിയ നിരക്കിൽ തുക അനുവദിച്ചതിനാൽ, ഗുണഭോക്തൃ സമിതികൾ വഴിയുള്ള പ്രവൃത്തി കൊണ്ട് ലക്ഷ്യമാക്കുന്ന അടിസ്ഥാന ലക്ഷ്യമായ ചെലവ് ചുരുക്കൽ (ലാഭം) പഞ്ചായത്തിനു നഷ്ടപ്പെട്ടിരിക്കുകയാണ്. ഈയിനത്തിൽ വൻതുക പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയ്യതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം.സാൻഡ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും പാസ് മുഖേന പ്രവൃത്തികൾക്ക് മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ സിമന്റ്,കമ്പി,ടൈൽസ് ഒഴികെയുള്ള നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന് വെള്ള കടലാസിൽ എഴുതിയ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.മാത്രമല്ല സിമന്റ്, കമ്പി, ടൈൽസ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ വാറ്റ് ബില്ലുകൾ അല്ല. ഇപ്രകാരം ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് കൺവീനർമാർക്ക് ബിൽ തുക നൽകിയത്

3. ഗുണഭോക്തൃ സമിതികളുടെ പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക- സംഘാടന പരിചയവും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

4. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രൊജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

6. മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്പിക്കുകയോ ചെയ്യുന്നില്ല.

7. പ്രവൃത്തിയുടെ കൺവീനർ എന്ന കപ്പാസിറ്റിയിൽ പാൻകാർഡ് എടുക്കാത്തപക്ഷം കൺവീനറിൽ നിന്നും 20% ആദായനികുതി ഈടാക്കി അടവാക്കേണ്ടതുണ്ട്.എന്നാൽ, ഒരു പ്രവൃത്തിയിലും ആദായനികുതി ഈടാക്കിയിട്ടില്ല.

8. പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായി വരുന്ന എല്ലാ പണമിടപാടുകളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് നടത്തേണ്ടതെങ്കിലും, സാധനങ്ങളുടെ വില നൽകിയതും മറ്റും അപ്രകാരമല്ല . ബാങ്ക് അക്കൌണ്ടിൽ, പഞ്ചായത്ത് ഫൈനൽ ബിൽ പ്രകാരം നല്കിയ തുകയുടെ ഇടപാട് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഇത്തരം നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ള കരാർ ഉടമ്പടി ഒപ്പു വച്ചു നൽകിയിട്ടും അവ പാലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാതെ തുക അനുവദിച്ചതിനും, നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതിരുന്നതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഇത്തരം അപാകതകൾ തുടരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ മറുപടി, ഓഡിറ്റ് റിപ്പോർട്ടിനുള്ള റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിലൂടെ അറിയിക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ വില അധികം നൽകി.

2015-16 വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക്, എസ്റ്റിമേറ്റിൽ DSR 2013 നിരക്കിൽ ബിറ്റുമിൻ വില കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| Bitumen | 40,000/ Tonne |
| Carriage | 106.64/ Tonne |
| Total | 40,106.64 |
| Add Water charge@1% | 401.07 |
| Total | 40,507.71 |
| Cost Index 1.37 | 55,495.56/ Tonne |
| Total for 1 KG | 55.50/ KG |

എന്നാൽ, പ്രവൃത്തി നടത്തിയ കൺവീനർമാർ ഹാജരാക്കിയ വരവു ചെലവു കണക്കുകൾ പ്രകാരം Rs.45.74/KG നിരക്കിൽ ടാർ പണിസ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ട്. അതിനാൽ (55.50-45.74=) 9.76 രൂപ ഓരോ കിലോ ഗ്രാം ടാറിനും അധികം അനുവദിച്ചു നല്കിയിട്ടുണ്ട്. ഇപ്രകാരം അധികം തുക നല്കിയ ഏതാനും പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് വിവരം | ആവശ്യമായ ടാറിന്റെ അളവ് (അളവു പുസ്തകപ്രകാരം) | അധികം നല്കിയ തുക@ 9.76/KG |
|---|---|---|---|
| 1 | സിറാജുദ്ദീൻ ഹാജി -കാവോട്ടു റോഡ്ടാറിംഗ്<br>Pro. No. 125/16 | 356 KG | 3,474.56 രൂപ |
| 2 | വെസ്റ്റ് ബസാർ-എലിയക്കോട്ട് കോളനി റോഡ് നവീകരണം<br>Pro. No. 114/16 | 721.82 kg | 7,044.96 രൂപ |
| | | ആകെ അധികം | 10,519.52 രൂപ |

അധികം തുക നല്കിയ കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് , ടാറിംഗ് പ്രവൃത്തികളിൽകൺവീനർ ഹാജരാക്കുന്ന ബില്ലുകളും കണക്കുകളും എസ്റ്റിമേറ്റ് നിരക്കും തമ്മിലുള്ള വ്യത്യാസത്തിനു ഇനം തിരിച്ച് തുക കണക്കാക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ വന്നതിനാൽ ഗുണഭോക്തൃ സമിതിയുടെ മൊത്തം ചെലവും എസ്റ്റിമേറ്റ് തുകയുമായി ഏതാണോ കുറവ് അതിൻപ്രകാരം ബിൽ അനുവദിക്കുകയാണുണ്ടായതെന്നാണ് നിർവഹണം നടത്തിയ അസി. എഞ്ചിനിയർ മറുപടി നല്കിയത്. ഈ മറുപടി, പഞ്ചായത്തു ഫണ്ടിന്റെ താൽപര്യം സംരക്ഷിക്കുന്നതല്ല. എന്നാൽ, പ്രായോഗിക ബുദ്ധി മുട്ടുകൾ സംബന്ധിച്ച് പഞ്ചായത്തിന്റെ മറുപടി കൂടി ലഭ്യമാക്കുന്നതു വരെ തുക (10,520) തടസ്സം ചെയ്യുന്നു.

## 3-6 ഭവനപുനരുദ്ധാരണം -അർഹതാസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

വി ഇ ഒ നിർവഹണം നടത്തിയ (ജനറൽ വിഭാഗത്തിൽ പെട്ടവർക്ക്) ഭവനപുനരുദ്ധാരണം (പ്രൊജക്ട് നം 6/2015-16) എന്ന പദ്ധതിപ്രകാരം 20000രൂപ വീതം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട് (ബിൽ നം 3/5-16, തീ.23.3.16,തുക 4ലക്ഷം, ചെക്ക് നം. 4342846/30.3.2016 തുക 680000) ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു

ത സ്വ ഭ വകുപ്പിന്റെ 16.11.13 ലെ ജി ഒഎം എസ് 362/13 സബ്സിഡി മാർഗരേഖപ്രകാരം, പുതിയ വീട് നിർമിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്കു മാത്രമേ ഈ പദ്ധതിയിൻ കീഴിൽ ആനുകൂല്യം ലഭിയ്ക്കുന്നതിന് അർഹതയുള്ളൂ . എന്നാൽ വീടിന്റെ കാലപ്പഴക്കം നിർണ്ണയിയ്ക്കുന്നതു സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല

മേൽ രേഖകൾ ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കു വേണ്ടി ചെലവഴിച്ച 10,80,000 രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. (ഇതു സംബന്ധിച്ച് 6/22.10.16 നമ്പറായി ഓഡിററ് എൻക്വയറി നൽകിയിട്ടുണ്ട്.)

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 175491 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകിയത് | 175491 | - |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്.

ഇല്ല

### 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

### 4-4 (ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ സ്ഥിരനിക്ഷേപങ്ങൾ ഇല്ല സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1941 രൂപ ഈടാക്കിയിട്ടുണ്ട്

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

### 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 1 | ഗവ ഹോമിയോ ഡിസ്പെൻസറി അരിമ്പ്ര | 8.1.2009 | | | | | | |
| 2 | പി എച് സി | 18.6.2007 | 2013-14 | 28.4.15 | 30.1.16 | കെ എസ് എ എം പി എം 16/620/16 തീ.14.3.16 | ഇല്ല | |
| 3 | ഗവ ആയുർവേദഡിസ്പെൻസറി അരിമ്പ്ര | ലഭിച്ചില്ല | | | | | | |

**4-9** ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36850494 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51808144 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,90,520 രൂപ |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,00,000 | ഡോ. ധന്യ, മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി) |
| 3-3 | 2,00,000 | ശ്രീമതി. രമണി. കെ, ICDS സൂപ്പർ വൈസർ. |
| 3-5 | 10,520 | ശ്രീമതി. ബ്ലസി മേരി, അസി. എഞ്ചിനിയർ. |
| 3-6 | 10,80,000 | ശ്രീ. സജി സ്റ്റീഫൻ, വി ഇ.ഒ. |
| ആകെ | 14,90,520 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 85-86 | എൽ എഫ് എം 7/936/97<br>23.10.10 | 2 |
| 86-87<br>87-88 | എൽ എഫ് എം7/937/97<br>23.10.10 | 5 |
| 88-89 | എൽ എഫ് എം7/938/97 | 13 |

| | | |
|---|---|---|
| 89-90 | 23.10.10 | |
| 90-91 | എൽ എഫ് എം10/229/95<br>23.10.10 | 10 |
| 91-92 | എൽ എഫ് എം10/606/93<br>23.10.10 | 12 |
| 94-95<br>95-96 | എൽ എഫ് എം14/561/13 | 10 |
| 97-98 | എൽ എഫ് എം14/1600/03<br>23.10.10 | 14 |
| 98-99 | എൽ എഫ് എം17/514/03<br>23.10.10 | 19 |
| 99-00 | എൽ എഫ് എം17/1279/03<br>23.10.10 | 22 |
| 00-01 | എൽ എഫ് എം17/417/05<br>23.10.10 | 29 |
| 01-02 | എൽ എഫ് എം17/199/05 | 7 |
| 02-03 | എൽ എഫ് എം8/2451/07<br>23.10.10 | 4 |
| 03-04 | എൽ എഫ് എം8/2452/07<br>23.10.10 | 5 |
| 04-05 | എൽ എഫ് എം10/2153/08<br>6.7.09 | 4 |
| 05-06 | എൽ എഫ് എം10/565/10<br>3.6.10/5.1/11 | 4 |
| 06-07 | എൽ എഫ് എം10/566/10<br>3.6.10/5.1/11 | 8 |
| 07-08 | എൽ എഫ് എം14/1450/10<br>11.11.10/26.4.11 | 22 |
| 08-09<br>09-10 | എൽ എഫ് എം14/1450/10<br>11.11.10/26.4.11 | 28 |
| 10-11 | എൽ എഫ് എം | |
| 11-12<br>12-13 | എൽ എഫ് എം11/225/15<br>dt.30.3 15 | 14 |
| 13-14<br>14-15 | കെ എസ് എ എം പി എം 11/2013/16 dt .9.8.16 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 2

## AUDIT CERTIFICATE

No.KSA/MPM 11/3020/2016

Kerala State Audit Department
District office, Malappuram

Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 25/01/2017

Certified that I have audited the Annual Financial Statement of Morayur Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Morayur Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

**അനുബന്ധം-1**

ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ.എം.പി.എം. 11/3020/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 25/01/2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽമൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്